MR. MURIVELIL PATCHU PILLAI (*Shertallai*): പെൺപള്ളിക്കൂടത്തിനുള്ള ഗ്രാൻ, ൪൦൦ രൂപായിൽ ൫൦ രൂപാ കുറയ്ക്കണമെന്നുള്ളതാണു് എന്റെ ഉപക്ഷേപം. ചേർത്തലതാലൂക്കിൽ ഒരു ഇംഗ്ലീഷ് പെൺപള്ളിക്കൂടം സ്ഥാപിച്ചുകിട്ടണമെന്നുള്ള അപേക്ഷയെ അറിയിക്കുവാനാണു ഞാൻ ഒരു ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഒരു മാതിരി ഒരു പള്ളിക്കൂടം വേണമെന്നുള്ള പ്രാദേശികാവശ്യത്തെ ഒരു സഭയുടെ ആലോചനക്കു വിഷയമാക്കുന്നതു സഭയുടെ ഗൌരവത്തിനു മതിയാകുകയില്ലെന്നു എനിക്കറിയാം. ഓരോ താലൂക്കിലേയും എഡ്യൂക്കേഷൻ, സാനിറേഷൻ, കമ്മ്യൂണിക്കേഷൻ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പണം ചിലവാക്കേണ്ടതു് ഏതൊരു നയത്തെ അടിസ്ഥാനമാക്കി വേണമെന്നു ഗവണ്മെൻറ് ആലോചിക്കേണ്ടതാണു്. ഓരോ താലൂക്കിലെ ജന സംഖ്യയേയും മുതലെടുപ്പിനേയും പരിഗണിച്ചുവേണം ഇങ്ങിനേയുള്ള സംഗതികൾക്കു പണം ചിലവാക്കേണ്ടതു്.എന്നാണ് എന്റെ അഭിപ്രായം. ഓരോ താലൂക്കുകളിലേയും പൊതുജനാവശ്യങ്ങളെ സാധിച്ചുകൊടുക്കേണ്ടതു ഗവണ്മെൻറിന്റെ ധർമ്മമാണു്. അതിനാൽ ആവശ്യം പോലെ ഈ നിയമത്തിനു വ്യത്യാസം കല്പിക്കുന്നതിൽഎനിക്കു വിരോധമില്ല. എന്നാൽ ഗവണ്മെൻറു ഖജനാവിന്റെ ഒഴിഞ്ഞ മൂലകൾ നിറയ്ക്കാൻവേണ്ടി ആണ്ടൊന്നിനു ൫൦ ലക്ഷം രൂപാ വീതം അടച്ചുകൊണ്ടിരിക്കുന്ന ചേർത്തല താലൂക്കിലെ ജനങ്ങളുടെ ആവശ്യങ്ങളെ പ്രത്യേകം ശ്രദ്ധിച്ചു നിർവഹിക്കേണ്ടതു അത്യാവശ്യമാണു്. വളരെക്കാലമായിട്ടു ചേർത്തലത്താലൂക്കു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ എത്തുപെടാതെ മാറികിടക്കയായിരുന്നു. അതിനേയെല്ലാം പരിഗണിച്ചു അവിടെയുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിച്ചുകിട്ടണമെന്നാണു ഞാൻ ഇപ്പോൾ അപേക്ഷിക്കുന്നതു. ൧൰-൭മാണ്ടത്തെ പ്രജാസഭയിൽ നിവേദനം ചെയ്തതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Patchu Pillai.]

ന്റെ ഫലമായിട്ട് ഞങ്ങൾക്ക് ഒരു ബായിസ് സ്കൂൾ സ്ഥാപിച്ചുതന്നു. ആ സ്കൂളിൽ ഇപ്പോൾ പെൺകുട്ടികളും ധാരാളം പഠിക്കുന്നുണ്ട്. അവരുടെ സൌകര്യത്തിനായിട്ട് ഒരു ഇംഗ്ലീഷ് പെൺപള്ളിക്കൂടം സ്ഥാപിച്ചുതരുന്നതിനുള്ള അപേക്ഷയെ ഞാൻ ഒരു സഭമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

MR. N. R. KRISHNAN (*Nominated*): എന്റെസ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. ചേത്തലതാലൂക്കിൽ ഒരു ഇംഗ്ലീഷ് പെൺപള്ളിക്കൂടം ഇല്ലാത്തതുനിമിത്തം പല ബുദ്ധിമുട്ടുകളും ഉണ്ട്. ഇതു പലപ്രാവശ്യവും ഹജ്ജികാര്യമുഖാന്തിരവും ഡിപ്യൂട്ടേഷൻമുഖാന്തിരവും ഗവണ്മെൻറിനെ ധരിപ്പിക്കുകയും അതിനുംപുറമെ പ്രജാസഭയിൽതന്നെ നിവേദനവിഷയമാക്കി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സംഗതി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ ഇരിക്കുകയാണെന്നും, സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും പെൺപള്ളിക്കൂടങ്ങൾ കൊടുക്കുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടെന്നും, ആ അവസരത്തിൽ ചേത്തലക്കാരുടെ കാര്യം ഗൌനിയ്ക്കുമെന്നും കഴിഞ്ഞകൊല്ലത്തിൽ ഗവണ്മെൻറു പ്രജാസഭയിൽവച്ചു മറുപടി പറയുകയുണ്ടായി. എന്നാൽ ഇതുവരെ യാതൊരുനടപടിയും നടത്തിയിട്ടില്ല.

ആൺപള്ളിക്കൂടത്തിൽ പഠിക്കുന്ന പെൺകുട്ടികളുടെ സംഖ്യനോക്കുന്നപക്ഷം ധാരാളമുണ്ടെന്നുകാണാം. അവരുടെ വിദ്യാഭ്യാസത്തിനു വേണ്ടുന്ന സൌകര്യങ്ങൾ കൊടുക്കാതിരിക്കുന്നതു ഒട്ടുംശരിയല്ല. അതുകൊണ്ടു ചേത്തലയിൽ ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ത്രീകൾക്കായി സ്ഥാപിച്ചുതരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

MR. J. STEPHENSON (*Director of Public Instruction*): The question is, should a separate Middle School for girls be started at Shertallai. At present in the English Middle School for boys the attendance of girls from classes Preparatory to III Form are as follows :—

	No. of girl pupils.
Preparatory class	... 23
First Form	... 20
Second Form	... 6
Third Form	... 13

My question is wherein lies the nucleus for establishing a separate Middle School for Girls, for the sake of 62 girl pupils. Will this strength justify the erection of a separate school for girls.

LIBRARY ARCHIVES Kerala Legislative Assembly

I may inform the House that this question of attendance of girls in English schools is engaging the attention of the department and the Government. There are a number of high schools where the attendance of girls is now comparatively large and as regards those high schools it is under consideration whether separate girls' schools should be opened either by private agencies with liberal grants-in-aid or whether Government themselves should open these schools. Shertallai will be considered along with this. But in the case of Shertallai I have to say that its needs will be considered only after the claims of other districts are taken into consideration, because the case of other districts is much worse when compared to Shertallai. Anyhow, I may say that the need for a school at Shertallai will also be considered in that connection. There is one other solution which I may suggest for the members of this House and that is if any private agency is forthcoming to build schools and run it up then they will get every encouragement from Government. There are proposals before Government for liberal grants-in-aid towards buildings and for other maintenance grants. If Shertallai is earnest in regard to this matter and if necessary private agency is forthcoming, Government will afford every encouragement for establishing a Middle School for girls.

MR. MURUVELIL PATCHU PILLAI (*Shertallai*): I withdraw the motion.

DEPUTY PRESIDENT: Does the House permit the motion to be withdrawn?

The motion was, by leave of the House, withdrawn.

Motions 236 and 237.

The following motions were not moved:

MR. N. R. KRISHNAN:

236. To reduce the allotment of Rs. 5,44,505 for English School Education by Re. 1.

MR. REVATI NAL RAMA VARMA RAJA:

237, To reduce the allotment of Rs. 5,44,505 for English Education by Re. 1.

Motion 238.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I beg to move the following motion:

To reduce the allotment of Rs. 5,44,505 for English School Education by Rs. 100.

The object of the motion as it is explained in the motion list is not quite correct. The words as 'graduates' occurring in the second line must be omitted. Then only it conveys sense. This motion is intended to bring before the notice of the House, the grievances which a particular section of under-graduates are undergoing in Vernacular schools. This motion also stands on the principle that wherever under-graduates are employed as teachers—in English or in Vernacular schools—these under-graduate teachers must be given equal treatment irrespective of the fact that they are employed in vernacular or in English schools and whether they are teaching compulsory or optional English or other subjects. As matters stand now, the under-graduate

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

teachers who are employed in English schools get Rs. 25 to Rs 50 and according to the re-organisation of 1098 they can go to the next grade which carries a pay up to Rs. 70 if by merit they deserve. On the other hand, a teacher with the same qualification, if he happens to be in a Vernacular school, he will begin with Rs. 18 and end with 18. This is a deplorable fact which must be remedied by Government at all costs.

DEPUTY PRESIDENT: This insertion of graduates there is misleading. May I know whether you compare the condition of graduate teachers and under-graduate teachers in Vernacular schools?

MR. K. P. NILAKANTA PILLAI (*Chirayinkil*): The words 'as graduates' is wrongly added. I want to omit that portion. I said that in the beginning of my speech.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): In regard to this, my submission is, that it has been ruled in regard to token motions that the words in brackets do not really form part of the motion. Whatever may be printed in the list it is open to Mr. K. P. Nilakanta Pillai to speak on the spirit of his motion.

MR. K. P. NILAKANTA PILLAI (*Chirayinkil*): So the under-graduate teachers who happen to be employed in the Vernacular schools start with a pay of Rs. 18 and remain in that pay till the time of their retirement. What I fail to understand is on what principle this differential treatment is given to these teachers who happen to be employed in the Vernacular schools. What is the reason for giving separate treatment in the case of English and Vernacular schools? It is an unfortunate circumstance that has brought this state of affairs, leaving the Vernacular school teachers alone in a bad position. Even among these teachers employed in Vernacular schools, there is a second distinction made. Under-graduate teachers who teach optional English is given a higher pay than an under-graduate teacher who only teaches compulsory English. What is the meaning of keeping such a distinction among the under-graduates who teach compulsory subject and optional subject. What is the data or principle on which their pay and pensions and other prospects are fixed? Is there anything which we will be able to know and if not why not treat all the teachers equally, provided they have equal qualifications? Without considering the particular fact that they happen to be somewhere employed in the Vernacular schools Government should be sympathetic towards their grievances. This I beg to submit is a real grievance and it requires the sympathy of the head of the department. Another point I have to say is that on going through the report of the Teachers' Committee, I find no provision is made to better the prospects of these under-graduates. Therefore this motion becomes all the more important. So I request the House to consider this motion firstly on principle and secondly because this motion is intended to ameliorate the condition of the under-graduate teachers.

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI (*Neyyattinkara*): In supporting the motion of Mr. K. P. Nilakanta Pillai a particular instance comes to my mind. A few years back two students who passed their E. S. L. C. examination from the same school, happend to be posted as teachers. The student who got higher percentage of marks got his footing in the Vernacular department, and the other student who had only secured low percentage of marks, by recommendation, entered the English department. After a few years I happened to see both the gentlemen and found that the person employed in the English school has reached his maximum and the person who was employed in the Vernacular school still getting Rs. 18. I am surprised to see that the person who got a high percentage of marks happened to be pulled down for want of prospects. I found him practically useless as a man. I specially refer this instance to show the extent to which a man is unnecessarily put to difficulties. My submission is that these under-graduate teachers must be given equal treatment when compared to under-graduate teachers employed in English Schools. With these few words I heartily support this motion.

MR. V. S. KRISHNA PILLAI (*Tiruvalla*): മിസ്റ്റർ കെ. പി. നീല കണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങികൊള്ളുന്നു. മലയാളത്തെ ഇംഗ്ലീഷിൽനിന്നും തരംതാഴ്ത്തികാണിക്കുന്നതു് ഒരുവിധത്തിലും നീതീകരിക്കാവുന്നതല്ല. ഒരു ഡിപ്പാർട്ടുമെൻറിൽ മലയാളം വകുപ്പും, ഇംഗ്ലീഷുവകുപ്പും, രണ്ടായിതിരിച്ചു ഇട്ടിട്ടുണ്ടെന്നല്ലാതെ ഒന്നു മറ്റതിനേക്കാൾ ശ്രേഷ്ഠമായിട്ടുള്ളതാണെന്നോ അല്ലെങ്കിൽ ശ്രേഷ്ഠത കുറഞ്ഞതാണെന്നോ ഒരു കാലത്തും ആരും വിചാരിക്കാൻ പാടില്ല. മലയാളം സ്കൂളുകളിലും ഇംഗ്ലീഷ് സ്കൂളിലുമുള്ള അണ്ടർഗ്രാഡ്വെറ്റു ടീച്ചേർസിന്റെ ശമ്പളത്തിൽ വലിയ വ്യത്യാസം കാണുന്നുണ്ടു.

MR. R. RAMAN PILLAI (*Kottayam*): മലയാളം സ്കൂളിൽഉള്ള അണ്ടർഗ്രാഡുവെറ്റു വാദ്ധ്യാന്മാക്കും, ഇംഗ്ലീഷ് സ്കൂളിലുള്ള അണ്ടർഗ്രാഡുവെറ്റുവാദ്ധ്യാന്മാക്കും ശമ്പളത്തിൽ വ്യത്യാസമുണ്ടെന്നു അറിയാമോ?

MR. V. S. KRISHNA PILLAI (*Tiruvalla*): അറിയാം, സാധാരണ മലയാളംസ്കൂളിൽ അദ്ധ്യാപകവൃത്തിക്കു പ്രവേശിച്ച അന്നുമുതൽ എത്രതന്നെ യോഗ്യത ഉണ്ടായിരുന്നാലും, ഫസ്റ്റ് ഗ്രേഡായിൽ ഒരു കാഞ്ഞുപോലും കൂട്ടികൊടുക്കുന്നതിനു ഒരു വഴി കണ്ടുപിടിക്കാൻ ഇതുവരെയും ഗവണ്മെൻറിനു സാധിച്ചിട്ടില്ല.

MR. R. RAMAN PILLAI (*Kottayam*): ഇംഗ്ലീഷു നിർബന്ധിതമായി പഠിപ്പിച്ചുവരുന്ന മലയാളം പള്ളിക്കൂടങ്ങളിൽ അണ്ടർഗ്രാഡുവെറ്റു അദ്ധ്യാപകന്മാരുടെ ശമ്പളം എന്താണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. S. KRISHNA PILLAI (*Tiruvalla*): പതിനെട്ടുരൂപായാണെന്നു തോന്നുന്നു. ഇംഗ്ലീഷ്സ്കൂളിൽ കയറിയിരിക്കുന്ന അണ്ടർഗ്രാഡുവേറ്റ് സിനു ൨൫ രൂപമുതൽ ൪൦ രൂപവരെ ശമ്പളം കൊടുത്തുവരുന്നുണ്ട്. എന്നാൽ മലയാളംസ്കൂളിലുള്ള അണ്ടർഗ്രാഡ്വേറ്റുകാംക്ഷ അവർ ടെയിനിങ്ങ്പാസ്സായാലും ഇല്ലെങ്കിലും കിട്ടുന്ന ശമ്പളം പതിനെട്ടുരൂപയേയൊള്ളൂ. ഇപ്രകാരം പരീക്ഷായോഗ്യതകളേയൊ ശേഷിയേയൊ നോക്കീട്ടല്ല മലയാളം സ്കൂളുകളിലും ഇംഗ്ലീഷ്സ്കൂളുകളിലുമുള്ള അദ്ധ്യാപകന്മാക്കു ശമ്പളം നിശ്ചയിച്ചിട്ടുള്ളതു്. ഇതിനെ ആലോചിക്കുമ്പോഴാണു് സഹിക്കാൻവയ്യാത്ത ചില വികാരങ്ങൾ മനസ്സിൽ കടന്നുകൂടുന്നതു്. ഇംഗ്ലീഷ്ഭാഷയെ ത്യജിക്കണമെന്നൊ, അതിനു പ്രാധാന്യം കൊടുത്തുകൂടാ എന്നോ ആരും പറയുന്നില്ല. എന്നാൽ മലയാളത്തിനും തുല്യാവകാശം നൽകണമെന്നു മാത്രമേ ഇവിടെ പറയുന്നുള്ളൂ.

MR. V. J. OOMMEN (*Commerce and Industry, North*): ഇങ്ങനെ ഒരു വ്യത്യാസം കാണിച്ചിരിക്കുന്നതു മലയാളത്തിനോടുള്ള പുശ്ചംകൊണ്ടല്ലേ?

MR. V. S. KRISHNA PILLAI (*Tiruvalla*): അങ്ങിനെയും വരാം.

അണ്ടർഗ്രാഡുവെറ്റ് അദ്ധ്യാപകന്മാർ മലയാളംസ്കൂളുകളിൽപോയി ചേർന്നതു അവരുടെ ഗ്രഹപ്പിഴതന്നെ. ആ നിലയെ മാറ്റി അവക്കു കഴിയുന്നിടത്തോളം വേഗത്തിൽ ഇംഗ്ലീഷ്സ്കൂളിലുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാക്കുള്ള ശമ്പളം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): Sir, I wish to bring to the notice of the House the implications of this motion from the financial stand-point. The proposal is that an under-graduate teacher in the Vernacular school should get the same salary as an under-graduate teacher in an English school. Well, Sir, the House already knows the large number of posts which we have to fill up in the Vernacular department. An idea with regard to that has already been given in the introductory speech to the budget. Sir, a committee which sat to consider the question of raising the pay of these teachers has also made a general recommendation that under graduates who seek admission in the Vernacular schools after failing to get appointment in the English department should be given preference in the matter of appointments. Suppose this happens. In course of time there will be about 3 or 4 thousand under-graduates. Even a modest estimate for pulling up their pay on the lines now recommended by the special committee comes to about Rs. 2½ lakhs.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know what would be the expenditure incurred in regard to my proposal alone?

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): I was just saying that if the implications of this proposal are carefully examined and the scheme carried out, it will result in a tremendous increase in the cost.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know what would be the expenditure if this proposal is accepted?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): I do not know. I was referring to the general question of the pulling up of the pay of the Vernacular School teachers.

MR. P. S. MAHOMED (*Nominated*): ഇപ്പോഠം മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ എത്ര പേരുണ്ടെന്നറിയാമോ?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): I was referring to the general question of the Vernacular School teachers.

MR. MATTHEW MURIKKAN (*Vaikam*): The question is whether—

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): Whose question?

MR. MATTHEW MURIKKAN (*Vaikam*). By '*the question*' I meant my question. The question is whether the Financial Secretary will be able to tell me the number of under-graduate teachers who seek admission in the Vernacular schools and get appointments.

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): That number will be formidable and the cost will go up tremendously. I am now only concerned with the possibility or rather the probability of the Vernacular school teachers' pay being raised.

Sir, the question was also raised as to why there should be this difference between the pay of the under-graduate in the English branch and in the Vernacular branch. Mainly it is on financial grounds. Otherwise it is quite possible for an under-graduate in the Vernacular branch to be paid the handsome salary that is being paid to the under-graduate in the English department. That is, a better salary. More under-graduates will come in and the unemployment problem would also be solved. But the financial question is an important consideration.

Sir, we are asked what is the justification for us in giving the under-graduates in the Malayalam department a lower pay than the under-graduates in the English department? A question was also asked from the Chair that when these teachers get appointed in the Vernacular department they know the prospects before them. Apart from this question, Sir, if the members peruse the report of the Vernacular Teachers' Committee, it will be apparent that the committee are anxious to secure appointments to under-graduates in preference to men with lower qualifications in the Vernacular department. That is the position to-day. It is not really a question of pulling up the pay of the under-graduates to Rs. 50 or 75,

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Ramasubba Aiyar.]

but the more imminent question which I hope the House will have to consider sooner or later is how to provide men with really better qualifications, with appointments.

MR. V. S. KRISHNA PILLAI (*Tiruvalla*) : മലയാളം പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ എത്രയുണ്ടെന്നറിയാമോ?

DEPUTY PRESIDENT : He has already answered that question.

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*) : I am not concerned with the details. The Director of Public Instruction will be able to answer that question. I am concerned only with the general question.

MR. P. S. MAHOMED (*Nominated*) : കമ്മറിക്കാരുടെ അഭിപ്രായം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുമലയാളംസ്ക്കൂളുകളിൽ ഗ്രാഡുവെറിനെ നിയമിക്കണമെന്നാണൊ?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*) : I think the member has already received the committee's report. The department prefers men with better qualifications and under-graduates or men with better qualifications than V. S. L. C. holders. But, Sir, I was referring to the general question of the possibility of our having to employ more under-graduates in the near future.

As regards the justification, Sir, for the pay, we are accustomed to give the pay in proportion to the work. I do not want to say very much about this matter. I am only concerned with the financial implications of the motion.

MR. N. K. KRISHNA PILLAI (*Neyyattinkara*) : May I know whether many of the under-graduates who are employed in the Vernacular schools may not be transferred to the English department ?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): I will answer that question. The case of the under-graduates in the English department is very different from the case of the under-graduates in the Vernacular department. There is a rigid selection, a much more rigid selection in the case of recruitment to the English department and I assume that things are properly done. It is the best men only who are able to enter the English department. It may be that an under-graduate who is employed in the Malayalam department may not come up to the standard.

Another friend asks the question why there should be this difference between one man and another. Taking two men with similar qualifications suppose there are several men competing for the I. C. S. Examination and that there are 31 posts. The man who passes as the 31st happens to become the Collector whilst the man who passes as the 32nd may have to be a clerk in the office under the Collector who passed as the 31st.

LIBRARY ARCHIVES Kerala Legislative Assembly

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): Even graduates are getting employed in Primary Schools. Is it the implication that the scale of pay of the graduate teachers in the English Schools should be allowed to these graduates in the Vernacular Schools?

MR. K. P. NILAKANTA PILLAI (*Chirayinkil*): Except in the training schools are not graduates appointed only as Headmasters?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): Graduates are available for appointment as teachers also.

MR. K. P. NILAKANTA PILLAI (*Chirayinkil*): Are there not graduates available for appointment even as copyists?

MR. K. N. RAMASUBBA AIYAR (*Financial Secretary to Government*): The full implication then will be that according to this motion copyists should be given a pay of Rs. 50—120.

MR. P. S. MAHOMED (*Nominated*): സർ, ഞാൻ മിസ്റ്റർ നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു. മലയാളം സ്ക്കൂളുകളിൽ, ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനാണ് അണ്ടർ ഗ്രാഡ്വെറ്റ് അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുള്ളത്. എന്നാൽ ഇംഗ്ലീഷ് സ്ക്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനു അണ്ടർ ഗ്രാഡ് വെറ്റ്സ് തന്നെ വേണമെന്നില്ല. മലയാളം സ്ക്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു ഇംഗ്ലീഷ് പഠിച്ചവർതന്നെ വേണം. അതു കൊണ്ടു മലയാളം പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ട ആവശ്യമുള്ളിടത്തോളം കാലം ഇംഗ്ലീഷ് പഠിച്ചിട്ടുള്ള വാദ്ധ്യാന്മാരെ തന്നെ നിയമിക്കേണ്ടതും അവക്ക് ഇംഗ്ലീഷ് സ്ക്കൂളുകളിൽ അവരുടെ തുല്യയോഗ്യതകളിലുള്ള അദ്ധ്യാപകന്മാക്കു നൽകി വരുന്ന ശമ്പളം കൊടുക്കേണ്ടതുമാണ്.

DEPUTY PRESIDENT: Do you know Mr. P. S. Mahomed, that Mr. Nilakanta Pillai's suggestion was that the under-graduates in the Vernacular Schools should be treated on the same footing as the under-graduates in the English Schools. Your proposal is that under-graduates who are employed in the Vernacular Schools for teaching English should be treated on the same footing as the under-graduates in the Secondary Schools.

MR. P. S. MAHOMED (*Nominated*): Yes, that is my proposal. മലയാളം പഠിപ്പിക്കുന്നതിനു ക്രട്ടതലായിട്ടു ശമ്പളം കൊടുത്തു ഗവമ്മെൻറു ആളുകളെ കൊണ്ടു വയ്ക്കേണ്ട ആവശ്യമില്ല. എന്നാൽ ഇവിടെ ഇംഗ്ലീഷ് പഠിച്ചവരെ ആവശ്യമുള്ളതുകൊണ്ടു ഇംഗ്ലീഷ് സ്ക്കൂളിൽ കൊടുക്കുന്ന ശമ്പളം തന്നെ കൊടുക്കണം. അതിനും പുറമെ ടെയിനിംഗ് കാലത്തു ഇവക്കു 40 രൂപാ ശമ്പളം കിട്ടുന്നുണ്ട്. ടെയിനിംഗ് കഴിഞ്ഞാൽ പിന്നെയും പതിനെട്ടു രൂപാ മാത്രമാണ് ലഭിക്കുന്നതു. ഇതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഒരു സ്ഥലത്തും നടപ്പുള്ള ഒന്നല്ല. പിന്നെ കപാളിഫിക്കേഷനിൽ എന്തൊ ഒരു വ്യത്യാസമുണ്ടെന്നു പറയുകയുണ്ടായി. ഒരു വ്യത്യാസവുമില്ല. മലയാളം സ്ക്കൂളിലേയും ഇംഗ്ലീഷ് സ്ക്കൂളിലേയും അണ്ടർഗ്രാഡുവേറ്റ അധ്യാപകന്മാർ ഒരേ രീതിയിൽ യോഗ്യതയുള്ളവർ തന്നെയാണ്. മലയാളം സ്ക്കൂളുകളിൽ മലയാളം മാത്രം അറിയാവുന്നവരായി ൫൫ രൂപാ മുതൽ ൬൦ രൂപാവരെ ശമ്പളമുള്ള ഹെഡ്മാസ്റ്റർമാർ തന്നെ ധാരാളമുണ്ട്. ആ സ്ഥിതിക്ക് ഇംഗ്ലീഷ് അറിയാവുന്ന ഈ വാദ്ധ്യാന്മാക്ക് കൂടുതൽ ശമ്പളം നൽകേണ്ടതത്യാവശ്യമാണ്. ഇംഗ്ലീഷ് കമ്പൽസറിയായിട്ട് പഠിപ്പിക്കുന്നവക്ക് ൫൫ രൂപാ മുതൽ ൬൦ രൂപാവരേയും ഇംഗ്ലീഷ് ആപ്ഷനൽ പഠിപ്പിക്കുന്നവക്ക് ൫൦ രൂപയും ശമ്പളം വച്ചിരിക്കുന്നതു ഒട്ടും ശരിയല്ല. അതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെൻറിന്റെ ഒബ്ജക്ഷൻ പിൻതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതും പ്രസ്താവിച്ചു കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. J. STEPHENSON (*Director of Public Instruction*): Sir, I rise to oppose the motion. The suggestion underlying the motion or on behalf of which the motion was being made appears to me to rest on two fallacies. The first is that a person should be paid according to his qualifications independently of the use that can be made of that qualification in the post to which he is appointed. The second is that the persons who pass the same examination have the same qualification.

MR. A. THANU PILLAI (*Trivandrum*): May I know whether there are Vernacular Schools where English is compulsorily taught and where English is taught as an optional subject and what is the pay of the teachers in both these cases.

MR. J. STEPHENSON (*Director of Public Instruction*): Interruption comes rather early. I had hardly time to develop my subject. With regard to the appointment in Vernacular schools or indeed for that matter any department or any portion of any department, the first thing that has to be settled is the work that has to be done by an individual; the second thing that has to be settled is the qualification of the person that is required to do the work; and the third thing to do is to settle the pay that will be required to attract persons to do the work.

In the Vernacular Schools the minimum qualification laid down for teachership of classes, I, II, III and IV is that of the V. S. L. C. holder. For headmastership some higher qualification is required. The minimum qualification laid down for teachership for classes V, VI and VII is the Vernacular Higher Certificate. Those qualifications have been laid down with reference to the nature of the work that has to be done

LIBRARY ARCHIVES Kerala Legislative Assembly

in the various classes. The pay, I suppose, has been decided on two considerations. Firstly how much Government can afford and secondly what is the pay necessary to attract persons of these qualifications for these appointments.

MR. K. P. NILAKANTA PILLAI (*Chirayinkil*): Am I to understand that the under-graduates recruited for the Vernacular Schools are expected to have lesser qualifications than the under-graduates recruited for employment in the English Schools?

MR. J. STEPHENSON (*Director of Public Instruction*): Not expected to have lesser qualifications. As a matter of fact they do have lesser qualifications. Better qualified ones will certainly apply to the English department.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): May I know whether it is on account of the absence of well qualified hands that these lesser qualified hands are employed in the Vernacular Schools?

MR. J. STEPHENSON (*Director of Public Instruction*): I cannot answer that question.

DEPUTY PRESIDENT: Mr. Stephenson has given you the minimum qualifications required for a teacher in a Primary School for classes I to IV as well as from classes V to VII. An under-graduate who does not get appointed apparently does not fulfil the conditions prescribed.

MR. J. STEPHENSON (*Director of Public Instruction*): I do not think there is any question to answer. The qualifications laid down have been explained and the pay that has to be given has also been stated. If an English S. S. L. C. holder deserves a post in the Education Department, teaching branch, he naturally applies for the post in the English Branch. If he is not successful there, he then applies to the Vernacular Branch. If he obtains an appointment he accepts it under the implication under which it is offered namely that the post carries with it a certain amount of pay and asks from him a certain amount of work in return.

MR. V. J. OOMMEN (*Commerce and Industry, North*): May I know whether the Director has any approximate idea of the number of under-graduates in the Vernacular Schools?

MR. J. STEPHENSON (*Director of Public Instruction*): I had the figures with me. The figures were prepared with reference to an interpellation of this Council. I do not know whether that question has been asked. I have not got the figures now with me. But I can give the number roughly. There are about 99 teachers teaching compulsory English and about 300 teachers teaching optional English. These are only approximate figures. But I believe this will give the member a rough idea of the number.

MR. A. THANU PILLAI (*Trivandrum*): Of these 2 sets of teachers may I know who gets the higher pay—teachers of compulsory English or teachers of optional English?

LIBRARY ARCHIVES Kerala Legislative Assembly

MR. J. STEPHENSON (*Director of Public Instruction*) : The t chers of compulsory English are given a pay of Rs. 25-5/3-40-5/3-50 a the teachers of optional English only Rs. 18.

MR. A. THANU PILLAI (*Trivandrum*) : In that case, what is t difference in the nature of the work turned out by under-graduat teaching optional English and those teaching compulsory English ?

MR. J. STEPHENSON (*Director of Public Instruction*) : I must g my position clear. Does the member wish to know the difference the nature of the work between the two kinds of teachers in the Vern cular schools ?

MR. A. THANU PILLAI (*Trivandrum*) : Yes.

MR. J. STEPHENSON (*Director of Public Instruction*) : One teach compulsory English which occupies on the time table the same time two optionals. That means that Compulsory English in a Vernacul School is taught for twice the time the optional English is taugl Therefore we hope to secure men with a higher standard of qualificatic in English for teaching compulsory English and higher pay is given a men with better qualifications are recruited.

MR. A. THANU PILLAI (*Trivandrum*) : May I know whether t students are expected to secure a higher percentage of marks in compu sory English than in the optional ?

MR. J. STEPHENSON (*Director of Public Instruction*) : More mar in one examination implies a higher qualification.

I think that the two fallacies that I pointed out do exist and it do not seem to me that there is a case to answer. It is not right to sa that all under-graduates should get the same pay whether they are i the Education Department or in other departments or whether they ar in English Schools or in the Colleges. It seems to me therefore that o the grounds urged, the cut should not have been made.

MR. R. RAMAN PILLAI (*Kottayam*) : ഒരു ഉപക്ഷേപത്തെ സംഗ ന്ധിച്ചു അല്പം പറയണമെന്നു ഞാനും വിചാരിക്കുന്നു.

DEPUTY PRESIDENT : You had ample opportunity for speaking But I would not say that you are not in order. You may proceed.

MR. R. RAMAN PILLAI (*Kottayam*) : നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ ള്ള അണ്ടർഗ്രാഡുവെറ അദ്ധ്യാപകന്മാരുടെ ശമ്പളം ഇംഗ്ലീഷ്സ്കൂളു ലുള്ള അണ്ടർഗ്രാഡുവെറ അദ്ധ്യാപകന്മാരെ പോലെ വർദ്ധിപ്പിക്കണ മെന്നുള്ളതിനെ പറ്റിപറയാനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടു ള്ളതു്. എന്നാൽ ഇംഗ്ലീഷ് നിർബന്ധിതമായിട്ടു പഠിപ്പിച്ചുവരുന്ന നാട്ടു ഭാഷാ പള്ളിക്കൂടങ്ങളും ധാരാളമുണ്ടു്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള അ ണ്ടർഗ്രാഡുവെറഅദ്ധ്യാപകന്മാരുടെ ശമ്പളം ൨൫ രൂപാ മുതൽ ൫൦ രൂ പാവരെയാണു്. എന്നാൽ അതേയോഗ്യതയുള്ള ഒരാൾ അതേസമയത്തു തന്നെ മലയാളം സ്കൂളിൽ പ്രവേശിച്ചാൽ അയാൾക്കു ശമ്പളം ൨൫ രൂ പയാണു്. പിന്നീടു അതിനെ പതിനഞ്ചു രൂപയാക്കി ക്ഷാമബത്ത

LIBRARY ARCHIVES Kerala Legislative Assembly

കൂടിചേർത്തു ഇപ്പോൾ ക വ രൂപാ നൽകിവരുന്നു. എന്നാൽ എനിക്കിവിടെ പറയാനുള്ളതു് മലയാളം പള്ളിക്കൂടങ്ങളിലെല്ലാം ഇംഗ്ലീഷ് നിർബന്ധമായിട്ടു പഠിപ്പിക്കയും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാക്കു ഫ ഭ രൂപാ മുതൽ ഭ ം രൂപാവരെ ശമ്പളം കൊടുക്കുകയും ചെയ്യണമെന്നാണു്.

എനിക്കിനിയും ഇതിനെപറ്റി പറയാനുണ്ടു്. എന്നാൽലാ മെംബർ ഇതിന്റെ ഇഷ്യൂവിനെ സംബന്ധിച്ചു കുഴപ്പം വരുത്തി ഉപദ്ര വിച്ചേക്കുമെന്നുള്ള ഭയത്താൽ എനിക്കു പറവാനുള്ളതു് ഇനിയൊരു സന്ദർഭത്തിലാകാമെന്നു വിചാരിക്കുന്നു. ഇതുയും പ്രസ്താപിച്ചുകൊണ്ടു മലയാളം പള്ളിക്കൂടങ്ങളിലുള്ള അണ്ടർഗ്രാഡ്വെറ് അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടികൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി മി: നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, because many of the members on this side of this House had a real grievance which ought to be ventilated before this House I made this motion. Anyhow, with reference to the nature of education that is imparted in our Educational Institutions, it has become a notorious fact that the tuition is cheap because it is bad or it is bad because it is cheap, that therefore the intellectual back-ground which generally appears in our students is partly due to the want of proper tuition to them. If the teachers are starved in this way and if the Director of Public Instruction will come forward and tell me that when qualified hands are available in this State, only less qualified men are required to teach English in Vernacular Schools, to a certain extent they also have to share the blame. Going further, there is not a dearth of qualified hands knowing English in our State at present and so it will be better for the Education Department to select better men even though they are intended to teach in Vernacular Schools. With these observations which I hope will receive the attention of the Director I beg permission to withdraw the motion.

The motion was, by leave of the House, withdrawn.

Motion 239.

MR. P. S. MAHOMED (*Nominated*): Sir, I beg to move the following motion:—

To reduce the allotment of Rs. 5,44,505 for English School Education by Rs. 100.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള രൂപയിൽ നിന്നും മൂന്നുരൂപ കുറയ്ക്കണമെന്നുള്ളതാണു എന്റെ ഉപക്ഷേപം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഈ ഉപക്ഷേപം ഈ കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുള്ളതിന്റെ പ്രധാനഉദ്ദേശം ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ കുറഞ്ഞ പക്ഷം മൂന്നു കൊല്ലത്തിലൊരിക്കലെങ്കിലും ഒരു സ്ഥലത്തു നിന്നും മറെറാരുസ്ഥലത്തേക്കു സ്ഥലം മാറേറണ്ടതാവശ്യകതയെപ്പററി പ്രതിവാദിക്കാനാണ്. രാജ്യത്തിന്റെ പലഭാഗങ്ങളിലുമായി കുറെ വാദ്ധ്യന്മാർ സുഖമനുഭവിക്കയും കുറേപേർ ബുദ്ധിമുട്ടുകയും ചെയ്യുന്നതു് നല്ലതല്ലല്ലൊ. തിരുവിതാംകൂറിലെ എല്ലാ ഭാഗങ്ങളിലെയും സ്ഥിതിഒന്നുപോലെ സുഖപ്രദമല്ല. ഏതാനും ചിലർ സ്വന്തം വീട്ടിനടുത്തുള്ള സ്ക്കൂളുകളിൽ സുഖമായി ജോലിനോക്കുകയും മറുചിലർ അന്യദേശങ്ങളിൽ ഇരുന്നു കഷ്ടപ്പെടുകയും ചെയ്യുന്നു. ഇതിനെ പരിഹരിക്കുന്നതിനു അദ്ധ്യാപകന്മാരെ മൂന്നു കൊല്ലത്തിലൊരിക്കൽ ഒരു സ്ഥലത്തുനിന്നും മറെറാരുസ്ഥലത്തേയ്ക്കു സ്ഥലം മാററണം. എന്നാൽ മുൻഷിമാർ തുടങ്ങിയുള്ള ചില്ലറ ശമ്പളക്കാരെ ഇതിൽ നിന്നും ഒഴിക്കുന്നതുകൊണ്ടു വിരോധമില്ല. ഇതുയും പ്രസ്താപിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

MR. J. STEPHENSON (*Director of Public Instruction*): Sir, I rise to oppose the motion. When a teacher is appointed in a school he necessarily takes some time to settle down for proper method of work. It occasionally happens that if a teacher remains too long in a place he gets stale and his work becomes lifeless. So, in such cases, it is necessary that a transfer should take place. For one thing, I am quite sure that that state of affairs is very seldom reached after three years. Therefore, it seems to me, that the present practice is fair and preferable. In certain places, which are unhealthy, transfers take place once in three years and sometimes earlier. In certain cases the teachers are allowed to go on in one school for ten, fifteen or twenty years or more. But I think any hard and fast rule as Mr. P. S. Mahomed would lay down is to be deprecated. On that ground I oppose the motion.

MR. A. THANU PILLAI (*Trivandrum*): I also oppose the motion. There is absolutely no necessity why these low-paid teachers should be shifted from place to place. The Department will do well to see that these teachers are not unnecessarily transferred.

MR. P. S. MAHOMED (*Nominated*): താഴ്ന്ന ശമ്പളം വാങ്ങുക്കുന്നവരെപററിയല്ല പറയുന്നതെന്നറിയാമോ?

MR. A. THANU PILLAI (*Trivandrum*): Even if one is highly paid I do not see how it makes any difference in my argument. The Department should see that wherever it is convenient, the teachers are posted

LIBRARY ARCHIVES Kerala Legislative Assembly

to schools, as far as possible, near to their native places. Moreover, this hard and fast rule of transferring teachers, would work more hardship than good. So I oppose the motion.

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): I also would add a word on this motion. As a result of discussion in this House, the Department is now striving as far as practicable, to post teachers in their own native places. So, if this motion is carried it would neutralise the effect of the proposal made as a consequence of the deliberations in this House and the action that is being taken by the department. So I would leave it to the House to consider how far the member's proposal is desirable.

MR. P. S. MAHOMED (*Nominated*): ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

The motion was, by leave, withdrawn.

Motion 240.

The following motion was not moved.

MR. P. S. MAHOMED:

To reduce the allotment of Rs. 5,55,200 for Vernacular High and Middle Schools for Boys by Rs. 10.

Motion 241.

MR. A. C. KURIAKOSE (*Minachil cum Devicolam*): പൊൺകുട്ടികൾക്കുള്ള നാട്ടുഭാഷാവിദ്യാലയങ്ങളിലേക്കാവശ്യപ്പെട്ടിട്ടുള്ള ൨,൨൫,൨൫൦ രൂപായിൽ നിന്നും അഞ്ചുരൂപാ കുറക്കണമെന്നാണ് എന്റെഉപക്ഷേപം.

ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം രണ്ടു പ്രധാനസംഗതികളെ ഈ കൌൺസിലിന്റെ ആലോചനയ്ക്കു വിഷയമാക്കേണമെന്നുള്ളതാണ്. നാട്ടുഭാഷാ പൊൺപള്ളിക്കൂടങ്ങളുടെ സ്ഥിതി പ്രായേണദയനീയമായിരിക്കുന്നു എന്നാണ് എന്റെ അനുഭവത്തിലുള്ള അറിവു. നാട്ടുഭാഷാ മിഡിൽസ്കൂൾ നടത്തുന്നതിന്നായിട്ടു സാധാരണ ഗവർമ്മെൻറിൽനിന്നും ഉപയോഗിച്ചുവരുന്നകെട്ടിടം വളരെ മോശമായരീതിയിലാണ് സംരക്ഷിച്ചുപോരുന്നതു്. ഇതിനുദാഹരണമായിട്ടുപറയാൻ പാലായിലുള്ള മിഡിൽസ്കൂൾ കെട്ടിടംതന്നെ ധാരാളം മതിയാകുന്നതാണു്. മീനച്ചൽ താലൂക്കിൽ ആകപ്പാടെ, ഗവർമ്മെൻറിൽനിന്നും നടത്തുന്ന ഒരു നാട്ടുഭാഷ ഗറൽസ് മിഡിൽസ്കൂളാണുള്ളതു്. അതും രണ്ടു കെട്ടിടത്തിലായിട്ടാണ് നടത്തിപോരുന്നതു്. ഒന്നു ഒരു അഴിഅടിച്ചു കെട്ടിടവുമാണ്. ധാരാളം പൊൺകുട്ടികൾ ചേർന്നു പഠിക്കുന്ന ഒരുപള്ളിക്കൂടം ഇത്ര മോശമായനിലയിലുള്ള ഒരു സ്ഥലത്തുവച്ചുകൊണ്ടിരിക്കുന്നതിനാണോ ൫൦ ലക്ഷം രൂപായിലധികം ഈ ഡിപ്പാർട്ടുമെൻറിനു വേണ്ടി ചിലവുചെയ്യുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

പെൺകുട്ടികൾക്കുള്ള പള്ളിക്കൂടം ഒരുപ്രത്യേകം വകുപ്പായിതിരിച്ചു അവക്കു വേണ്ടസൌകര്യങ്ങൾ നൽകുന്നതിനുമുമതലയുള്ള ഒരു അദ്ധ്യക്ഷയെ നിയമിച്ചിട്ടുണ്ട്. എന്നാൽ പെൺപള്ളിക്കൂടങ്ങളുടെ സ്ഥിതി എത്രയും മോശമായിരിക്കുന്നു.

പെൺപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ സ്ഥിതിക്കുടി ആലോചിക്കാനുണ്ട്. അവർ പെൺപള്ളിക്കൂടത്തിൽ അദ്ധ്യാപകന്മാരാണെന്നുള്ള കാരണത്താൽ ശരിയായ പ്രോത്സാഹനം ലഭിക്കുന്നില്ല. ഇത്രമോശമായസ്ഥിതിയിൽ ഈ സ്ക്കൂളുകൾ നടത്തുന്നതിനെക്കാൾ ഈ സ്ക്കൂളുകളെ ശരിയായവിധത്തിൽ നടത്താൻ തയാറുള്ള പ്രൈവറ്റു ഏജൻസികൾക്കു വിട്ടുകൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പെൺകുട്ടികൾക്കു ആൺകുട്ടികളെ അപേക്ഷിച്ചു കൂടുതൽ സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ളതും നിരാക്ഷേപമായ ഒരു സംഗതിയാണ്.

സ്ത്രീവിദ്യാഭ്യാസം സാഹിത്യപരമായിട്ടു നടത്തി സാധാരണ പരീക്ഷകൾജയിപ്പിച്ചു ഉദ്യോഗത്തിനു പോകാൻനിയോഗിക്കേണ്ടതിനുള്ള നിലഇന്നില്ല. അതിനാൽ അവരുടെ വിദ്യാഭ്യാസം കുറെകൂടി അനുയോജ്യമായ പദ്ധതിയിൽ ഗൃഹഭരണംതുടങ്ങിയുള്ള വിഷയങ്ങളിൽ അവരെ സാമർത്ഥ്യമുള്ളവരാക്കി നല്ല ഗൃഹനായികമാരായിട്ടിരിക്കാനുതകുന്നരീതിയിൽ ആക്കണം. ഡിപ്പാർട്ട്മെൻറും ഗവർണ്മെൻറും നിശ്ചയിക്കുന്നപക്ഷം കഴിയുന്നതും വേഗത്തിൽ അങ്ങിനെചെയ്യാൻ സാധിക്കുമെന്നാണ് എന്റെഅഭിപ്രായം. ഈ അഭിപ്രായത്തെ ഈ സഭമുമ്പാകെ കൊണ്ടുവരാനാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു്.

MR. J. STEPHENSON (*Director of Public Instruction*) : Sir, I rise to oppose the motion. The mover referred, I think, to the Palai Vernacular Middle School for Girls and made some adverse comments regarding the condition of the building. It is admitted that in regard to many school buildings the conditions are not exactly as they should be and the whole difficulty is that of finding the necessary money, to put all the schools in proper order, which may take a long time and a large amount. Whenever specific cases are brought to the notice of the Department that is being attended to.

But with regard to the remark of Mr. Kuriakose *viz.* if the Department is unable to maintain the school properly they should hand it over to a private agency, I welcome that and it is the policy of Government to hand over schools to private agencies wherever there is an assurance that the private agency will be able to maintain and conduct it properly.

LIBRARY ARCHIVES Kerala Legislative Assembly

So I say if a private agency is forthcoming to take over the Palai Middle School for Girls, the Government will only be too willing to hand over the school to such an agency.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇവിടെ പ്രത്യേകം ഞാൻ ചൂണ്ടിക്കാണിച്ച സംഗതികൾ പ്രത്യക്ഷപ്പെടുത്തണമെന്നേ എനിക്കു ഉദ്ദേശമുണ്ടായിരുന്നുള്ളൂ. അതു കൊണ്ടു ഉപക്ഷേപത്തെ പിൻവലിച്ചു കൊള്ളുന്നു.

The motion was, by leave, withdrawn.

Motions 242 to 245.

The following motions were not moved :—

MR. P. S. MAHOMED :

242. To reduce the allotment of Rs 6,87,600 for Vernacular Primary Schools for Boys by Rs. 10

MR. K. P. NILAKANTA PILLAI :

243. To reduce the allotment of Rs 2,11,900 for Vernacular Primary Schools for Girls by Rs. 100.

MR. A. S. DAMODARAN ASAN :

244. To reduce the allotment of Rs. 17,66,060 for Vernacular School Education by Re. 1.

MR. N. R. KRISHNAN :

245. To reduce the allotment of Rs. 17,66,060 for Vernacular School Education by Re. 1.

Motions 246 and 247.

The following motions were deemed not to have been moved as the members were absent.

MR. S. PIRAVIPERUMAL PILLAI :

246. To reduce the allotment of Rs. 17,66,060 for Vernacular School Education by Re. 1

MR. L. R. RAJA RAJA VARMA KOIL TAMPURAN :

247. To reduce the allotment of Rs. 17,66, 060 for Vernacular School Education by Re. 1

Motions 248 to 251.

The following motions were not moved :

MR. N. K. KRISHNA PILLAI :

248. To reduce the allotment of Rs. 17,66,060 for Vernacular School Education by Re. 1

MR. A. THANU PILLAI :

249. To reduce the allotment of Rs. 17,66,060 for Vernacular School Education by Re

MR. K. P. NILAKANTA PILLAI :

250. To reduce the allotment of Rs. 17,66,060 for Vernacular School Education b Rs. 100.

MR. V. S. KRISHNA PILLAI :

251. To reduce the allotment of Rs. 17,66,060 for Vernacular School Education l Rs. 100.

Motion 252.

MR. P. S. MAHOMED (*Nominated*) : മലയാളം സ്ക്കൂൾ ഡിപ്പാർട്ടുമെന്റിലേക്കുള്ള ചെലവു,ന്നു, ംന്നു ംം രൂപയിൽ നിന്നും ചുരുക്കുന്നുണ്ടെന്നുള്ള ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാനഉ ദ്ദേശം മലയാളം പള്ളിക്കൂടങ്ങളിൽ അറബി മുൻഷിമാരേയും, കൊറാൻ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാരേയും വേണ്ടവിധത്തിൽ നിയമിക്കുന്നില്ല എന്നുള്ളതിനെ ചൂണ്ടിക്കാണിക്കുന്നതിനാണ്. മലയാളം മാതൃഭാഷയായിരിക്കുന്ന സ്ഥിതിക്കു അതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ട ചുമതല പൊതുവെ ഈ കൌൺസിലിനുണ്ടെന്നാണ് എന്റെ വിശ്വാസം. മുസ്ലീം സമുദായം മലയാള വിദ്യാഭ്യാസത്തിലും വളരെ താണ ഒരു സ്ഥാനത്താണ് നില്ക്കുന്നതെന്നുള്ളതു് ഈ കൌൺസിലിന്റെ ശ്രദ്ധയിൽ പെടേണ്ട ഒരു സംഗതിയാണ്. എന്നാൽ അതു വേറെ ആരുടെയും കുറവല്ല. സാമുദായികമായ ചിലതടസ്ഥങ്ങൾ ആണ് അതിനു കാരണം. സാമുദായികമായ ഒരു നല്ല സ്ഥാനം ഞങ്ങൾക്കു തിരുവിതാംകൂറിലും വെളിയിലും ഉണ്ടെന്നാണ് എന്റെ വിശ്വാസം.

ഒരു മുസ്ലീം തന്റെ കുട്ടിയുടെ വിദ്യാഭ്യാസത്തിൽ ആദ്യമായി ശ്രദ്ധ പതിപ്പിക്കുന്നതു് അറബിയും, കൊറാനും പഠിപ്പിക്കുന്ന വിഷയത്തിലാണ്. അതു പഠിച്ചു കഴിഞ്ഞാൽ മിക്കവാറും പ്രായമാകും. പിന്നീടു ഓരോതൊഴിലിൽ പ്രവേശിക്കുന്നതിനു നിബന്ധിതരാകുന്നതുകൊണ്ടു മലയാള വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നതിനു അവക്കു നിവൃത്തിയില്ല. പലപ്രമാണികളും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലെ പല ഉദ്യോഗസ്ഥന്മാരും കൂടി പലവിധത്തിലും ആലോചിച്ചതിന്റെ ഫലമായിട്ടാണ് അറബി മുൻഷിമാരേയും കൊറാൻ അദ്ധ്യാപകന്മാരേയും കൂടി മുഹമ്മദീയക്കുവേണ്ടി പള്ളിക്കൂടങ്ങളിൽ നിയമിക്കണമെന്നു ഏർപ്പാടു ചെയ്തതു്. അതിനു ശേഷം മുസ്ലിമീങ്ങളുടെയിടയിൽ വിദ്യാഭ്യാസത്തിനുള്ള ഒരുണർവ്വ് ഉണ്ടായിട്ടുണ്ടു്. എന്നാൽ അതിനനുസരിച്ചുള്ള ഫലം ലഭിക്കുന്നില്ല. അതിനു കാരണം മഹമ്മദീയ വിദ്യാർത്ഥികളുള്ള പല പള്ളിക്കൂടങ്ങളിലും ഇതുവരെയും അറബി മുൻഷിമാരെ നിയമിക്കാതിരുന്നതാണു്. ഇതിനെ സംബന്ധിച്ചു മഹമ്മദൻ ഇൻസ്പെക്ടർ ചില പള്ളിക്കൂടങ്ങളിൽ അറബി മുൻഷിമാരെ നിയമിക്കണമെന്നു റിപ്പോർട്ടു ചെയ്തിട്ടുള്ളതായും അറിയുന്നുണ്ടു്. എന്നാൽ അതിനു ബഡ്ജറിൽ സംഖ്യകൊള്ളിച്ചിട്ടില്ല. അതിൽ ഞങ്ങൾക്കുള്ള പരാതിയെ രേഖപ്പെടുത്തിക്കാണിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടു വന്നിട്ടുള്ളതു്

The Council adjourned at 5-18 P. M. to meet again at 11-30 A. M. on Monday the 13th August 1928.

P. N. KRISHNA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly